**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3966** **17-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ് ജീവനക്കാരുടെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ നഴ്സിംഗ് അസിസ്റ്റന്റ് ആയി 01.09.2003 മുതൽ 31.12.2007 വരെയുള്ള കാലയളവിൽ ജോലിയിൽ കയറിയവരുടെ 14.09.2015-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാർക്ക് കോട്ടയം ജനറൽ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന ആശുപത്രി അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ ശേഷം യഥാക്രമം ജൂനിയർ ലാബ് അസിസ്റ്റന്റ്, എക്സ്റേ അറ്റൻഡർ തുടങ്ങിയ തസ്തികകളിലേയ്ക്കുമാണ് കോട്ടയം ജില്ല മെഡിക്കൽ ഓഫീസർ സ്ഥാനക്കയറ്റം നൽകി വന്നിരുന്നത്. എന്നാൽ ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് മുതൽ ആരോഗ്യവകുപ്പിന് ആശുപത്രി അറ്റൻഡർ എന്ന തസ്തിക ഇല്ല.<br><br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 തസ്തികയിൽ നിന്ന് നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സംബന്ധിച്ച് 06/09/1975 തീയതിയിലെ G.O.(MS)No.201/75/HEALTH എന്ന ഉത്തരവ് നിലവിലുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും ജൂനിയർ ലാബ് അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ്, എക്സ്റേ അറ്റൻഡർ, ഹോസ്പിറ്റൽ അറ്റൻഡർ, അദർ അറ്റൻഡർ, ലാബ് അറ്റൻഡർ, തീയേറ്റർ അറ്റൻഡർ, മെഡിക്കൽ റെക്കോർഡ് അറ്റന്റഡർ എന്നീ തസ്തികകളിലേയ്ക്ക് വിവിധ ജില്ലകളിൽ ജില്ല മെഡിക്കൽ ഓഫീസർമാർ സ്ഥാനക്കയറ്റം നൽകി വരുന്നു. എന്നാൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും മേൽപറഞ്ഞ തസ്തികകളിലേയ്ക്കുള്ള നിയമനരീതി വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾസ്/എക്സിക്യൂട്ടീവ് ഉത്തരവുകൾ ഒന്നും തന്നെ ലഭ്യമല്ല. ആയതിനാൽ ഈ വിഷയത്തിൽ ഒരു ഏകീകൃത സമ്പ്രദായം കൊണ്ടു വരുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നുമുള്ള പ്രൊമോഷൻ ചാനൽ നിർണയിക്കുന്നത് സംബന്ധിച്ചും പ്രസ്തുത തസ്തികയിലെ നിയമന രീതി വ്യക്തമാക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | നഴ്സിംഗ് അസിസ്റ്റന്റ് ജീവനക്കാരുടെ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ രണ്ട് വർഷമായി തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കോട്ടയം ജില്ലയിൽ ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലുള്ള ജീവനക്കാർക്ക് കോട്ടയം ജനറൽ ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന ആശുപത്രി അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയ ശേഷം യഥാക്രമം ജൂനിയർ ലാബ് അസിസ്റ്റന്റ്, എക്സ്റേ അറ്റൻഡർ തുടങ്ങിയ തസ്തികകളിലേയ്ക്കുമാണ് കോട്ടയം ജില്ല മെഡിക്കൽ ഓഫീസർ സ്ഥാനക്കയറ്റം നൽകി വന്നിരുന്നത്. എന്നാൽ ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവ് മുതൽ ആരോഗ്യവകുപ്പിന് ആശുപത്രി അറ്റൻഡർ എന്ന തസ്തിക ഇല്ല.<br><br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 തസ്തികയിൽ നിന്ന് നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സംബന്ധിച്ച് 06/09/1975 തീയതിയിലെ G.O.(MS)No.201/75/HEALTH എന്ന ഉത്തരവ് നിലവിലുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും ജൂനിയർ ലാബ് അസിസ്റ്റന്റ്, ലാബ് അസിസ്റ്റന്റ്, എക്സ്റേ അറ്റൻഡർ, ഹോസ്പിറ്റൽ അറ്റൻഡർ, അദർ അറ്റൻഡർ, ലാബ് അറ്റൻഡർ, തീയേറ്റർ അറ്റൻഡർ, മെഡിക്കൽ റെക്കോർഡ് അറ്റന്റഡർ എന്നീ തസ്തികകളിലേയ്ക്ക് വിവിധ ജില്ലകളിൽ ജില്ല മെഡിക്കൽ ഓഫീസർമാർ സ്ഥാനക്കയറ്റം നൽകി വരുന്നു. എന്നാൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നും മേൽപറഞ്ഞ തസ്തികകളിലേയ്ക്കുള്ള നിയമനരീതി വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾസ്/എക്സിക്യൂട്ടീവ് ഉത്തരവുകൾ ഒന്നും തന്നെ ലഭ്യമല്ല. ആയതിനാൽ ഈ വിഷയത്തിൽ ഒരു ഏകീകൃത സമ്പ്രദായം കൊണ്ടു വരുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ നിന്നുമുള്ള പ്രൊമോഷൻ ചാനൽ നിർണയിക്കുന്നത് സംബന്ധിച്ചും പ്രസ്തുത തസ്തികയിലെ നിയമന രീതി വ്യക്തമാക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ചും സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ